# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1491. 05-02-2019 ൽ മറുപടിയ്ക്ക്

## ഓണാട്ടുകര പ്രദേശത്ത് കൃഷിരഹിതമായി കിടക്കുന്ന വയലുകൾ

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓണാട്ടുകര പ്രദേശത്ത് വയലുകൾ പലതും കൃഷിരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എത്ര ഹെക്ടർ സ്ഥലത്താണ് നിലവിൽ കൃഷിയിറക്കുന്നതെന്നും കൃഷി രഹിതമായി കിടക്കുന്ന വയലുകൾ എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഓണാട്ടുകര പ്രദേശത്ത് ആലപ്പുഴ ജില്ലയിൽപ്പെടുന്നതും കൃഷിരഹിതമായി കിടന്നിരുന്നതുമായ 318 ഹെക്ടർ വയലുകൾ കൃഷിയിറക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽപ്പെടുന്നതും കൃഷിരഹിതമായി കിടന്നിരുന്നതുമായ 1216 ഹെക്ടർ സ്ഥലം കൃഷി ചെയ്തിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ ഇനിയും തരിശായി കിടക്കുന്നത് 646 ഹെക്ടർ സ്ഥലവും കൊല്ലം ജില്ലയിൽ 132 ഹെക്ടർ സ്ഥലവും ആണ്. അവയും കൃഷിയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കൃഷിരഹിതമായി കിടക്കുന്ന വയലുകളിൽ നെല്ല്, എള്ള് കൃഷികൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാന പദ്ധതി പ്രകാരം നടപ്പ് വർഷം 250 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി നടപ്പിലാക്കി.<br>കൃഷിരഹിതമായി കിടക്കുന്ന വയലുകളിൽ കൃഷിയിറക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസി മുൻ കൈയെടുത്ത് മാവേലിക്കര-തെക്കേക്കര, ചെന്നിത്തല, ചെട്ടികുളങ്ങര, കായംകുളം മുനിസിപ്പാലിറ്റി, വള്ളിക്കുന്നം, പാലമേൽ, പള്ളിപ്പാട് തുടങ്ങിയ കൃഷിഭവൻ പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ